**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **04-03-2025 - ൽ മറുപടിയ്ക്ക്**

**പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ അക്കാഡമിക് ബ്ലോക്ക്, കാൻറീൻ ബ്ലോക്ക്, ചുറ്റുമതിൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ നിർമ്മിക്കുന്നതിന് 30-03-2023-ലെ ഉത്തരവു പ്രകാരം 13.56 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിരുന്നതും പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കരാറുകാരനെ തെരഞ്ഞെടുത്ത് വർക്ക് അവർഡ് ചെയ്യുകൊണ്ടുള്ള കത്ത് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | ടി പ്രവൃത്തിക്ക് 30-10-2020-ൽ കിഫ്ബി ധനാനുമതി നൽകിയിരുന്നുവെങ്കിലും ഡി.എസ്.ആർ നിരക്കിലുണ്ടായ വ്യതിയാനത്താലും കെ.എം.ബി.ആർ, GRIHA ചട്ടങ്ങൾക്കനുസൃതമായി എസ്റ്റിമേറ്റ് പുതുക്കേണ്ടിയിരുന്നതിനാലും, 2022-ൽ കിറ്റ് കോ പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം കിഫ്ബി 30-03-2023-ൽ പുറപ്പെടുവിച്ച പുതുക്കിയ ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചിട്ടുള്ളതും കരാറുകാരന് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ